**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ-5318**
**2019 ജൂലൈ 01 (തിങ്കൾ)- നുള്ള മറുപടി**

ഭവന വായ്പയുടെ പിഴപ്പലിശ നിരക്ക്

| | ചോദ്യം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ എടുത്തശേഷം തുക അതത് ആവശ്യങ്ങൾക്ക് ഉപയോഗിക്കാതെ ദുരുപയോഗം ചെയ്യുന്നവരിൽ നിന്ന് ഈടാക്കുന്ന പിഴപ്പലിശ നിരക്ക് 2.5 ശതമാനത്തിൽ നിന്നും 18% ആയി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | 03/05/2019-ലെ സ.ഉ.(അച്ചടി) നം.53/2019/ധന പ്രകാരം ഭവന നിർമ്മാണ വായ്പ എടുത്തശേഷം തുക അതത് ആവശ്യങ്ങൾക്ക് ഉപയോഗിക്കാതെ ദുരുപയോഗം ചെയ്യുന്നവരിൽ നിന്ന് ഈടാക്കുന്ന പിഴപ്പലിശ നിരക്ക് 2.5 ശതമാനത്തിൽ നിന്നും 18% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ലഭ്യമാക്കുന്നു. |
| (ബി) | പ്രസ്തുത ഉത്തരവ് പ്രകാരമുള്ള പിഴപ്പലിശയിലെ വർദ്ധനവ് ഏത് തീയതി മുതൽക്കുള്ള വായ്പകൾക്കാണ് ബാധകമാകുന്നത്; | 03/05/2019-ലെ സ.ഉ.(അച്ചടി) നം.53/2019/ധന പ്രകാരം പിഴപ്പലിശയിലെ വർദ്ധനവ് 03/05/2019 മുതൽ വായ്പയെടുത്തവർക്കാണ് ബാധകമാകുക. |
| (സി) | പ്രസ്തുത സർക്കാർ ഉത്തരവിന്റെ പ്രാബല്യത്തീയതിക്കു മുമ്പ് വായ്പ എടുക്കുകയും നാളിതുവരെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാതിരിക്കുകയും ചെയ്ത ജീവനക്കാർക്കുള്ള പിഴപ്പലിശനിരക്ക് എത്രയാണ്; വിശദമാക്കുമോ? | 03/05/2019-ലെ സ.ഉ.(അച്ചടി) നം.53/2019/ധന ഉത്തരവിന്റെ പ്രാബല്യത്തീയതിക്ക് മുൻപ് സർക്കാരിൽ നിന്ന് ഭവന നിർമ്മാണ വായ്പ എടുക്കുകയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാതിരിക്കുകയും ചെയ്ത ജീവനക്കാർക്കുള്ള പിഴപ്പലിശനിരക്ക് കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 244D2 (V) പ്രകാരം 2.5 ശതമാനമാണ്. |

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്-ഭവന നിർമ്മാണ വായ്പ-അനുവദിക്കപ്പെട്ട വായ്പാ തുക വിനിയോഗിക്കാത്തതിനും ഭവന നിർമ്മാണ വായ്പാ നിയമങ്ങൾ പാലിക്കാത്തതിനും-പിഴപ്പലിശ ചുമത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എച്ച്.ബി.എ) വകുപ്പ്**

**സ.ഉ.(അച്ചടി) നം.53/2019/ധന തിരുവനന്തപുരം, തീയതി 03/05/2019**

---

പരാമർശം:-ജി.ഒ.(പി)നം.505/2009/ധന തീയതി, 12/11/2009

**ഉത്തരവ്**

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ചട്ടം 244C പ്രകാരം ഭവനം വാങ്ങിക്കുന്നതിനോ നിർമ്മിക്കുന്നതിനോ അനുവദിക്കപ്പെടുന്ന ഭവന നിർമ്മാണ വായ്പാ തുക അതാത് ആവശ്യത്തിന് വേണ്ടി തന്നെ ഉപയോഗിക്കണമെന്നത് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ സർക്കാരിൽ നിന്ന് ഭവന നിർമ്മാണ വായ്പ കൈപ്പറ്റി ഭവനം വാങ്ങിക്കുന്നതിനോ നിർമ്മിക്കുന്നതിനോ വിനിയോഗിക്കാതെ വായ്പാ തുക ദുരുപയോഗം ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അനുവദിക്കപ്പെട്ട ഭവന നിർമ്മാണ വായ്പാ തുക പൂർണ്ണമായും ഭവനം വാങ്ങിക്കുന്നതിനോ നിർമ്മിക്കുന്നതിനോ വിനിയോഗിക്കാത്ത മുഴുവൻ കേസുകളിലും ഉപയോഗിക്കാത്ത മുഴുവൻ തുകയ്ക്കും സാധാരണ ഈടാക്കുന്ന പലിശയ്ക്ക് പുറമേ, കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ചട്ടം 244D2 പ്രകാരം നിലവിൽ 2.5% പിഴപ്പലിശ കൂടി ചുമത്തുന്നത് പരിഷ്കരിച്ച് 2.5 % പിഴപ്പലിശ എന്നത് 18 % ആയി ഭേദഗതി വരുത്തുന്നു. കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ചട്ടം 244D2 പ്രകാരം പ്രതിപാദിച്ചിട്ടുള്ള നിയമങ്ങൾ പാലിക്കാത്ത എല്ലാ സന്ദർഭങ്ങളിലുമുള്ള വീഴ്ചയ്ക്കും 18% പിഴപ്പലിശ ചുമത്തപ്പെടുന്നതാണ്. കേരള ഫിനാൻഷ്യൽ കോഡിൽ ഇതു സംബന്ധിച്ച് ഭേദഗതി വരുത്തുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സഞ്ജീവ് കൗശിക് ഐ.എ.എസ്

ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി (വ്യയം)

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി &എസ്.എസ്.എ),കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരളം, തിരുവനന്തപുരം

എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസുകൾക്കും.

സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും , സെക്ഷനുകൾക്കും.

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/ ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/ അണ്ടർ സെക്രട്ടറിമാർക്കും

ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.

മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രതിപക്ഷനേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള ലെജിസ് ലേച്ചർ സെക്രട്ടേറിയറ്റ്

മുഖ്യ വിവരാവകാശ കമ്മീഷണർ,തിരുവനന്തപുരം.

മുഖ്യ ഇലക്ഷൻ കമ്മീഷണർ,തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ.തിരുവനന്തപുരം.

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ.തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.

അഡ്വക്കേറ്റ് ജനറൽ എറണാകുളം/തിരുവനന്തപുരം.

രജിസ്ട്രാർ,കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ തിരുവനന്തപുരം.

രജിസ്ട്രാർ,കേരള ലോകായുക്ത, തിരുവനന്തപുരം.

രജിസ്ട്രാർ, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, തിരുവനന്തപുരം

രജിസ്ട്രാർ, കേരള/കൊച്ചിൻ/കാലിക്കറ്റ്/കണ്ണൂർ

രജിസ്ട്രാർ, മാഹാത്മാ ഗാന്ധി സർവ്വകാലാശല /കേരള കാർഷിക സർവ്വകാലാശല,തൃശ്ശൂർ/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല,കാലടി/ കേരള വെറ്റിനറി & ആനിമൽ സയൻസ് സർവ്വകലാശാല,വയനാട്/ഫിഷറീസ് സർവ്വകലാശാല, എറണാകുളം/മലയാളം സർവ്വകലാശാല തിരൂർ.

ഗവൺമെന്റ് കമ്പനികൾ/കോർപ്പറേഷനുകൾ/ബോഡുകൾ/ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിംഗ് ഡയറക്ടർമാർ/ജനറൽ മാനേജർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, കേരളം, തിരുവനന്തപുരം.

ജില്ലാ ട്രഷറികളും സബ് ട്രഷറികളും.

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ പബ്ലിക് റിലേഷൻസ് വകുപ്പ്.

നോഡൽ ഓഫീസർ, ധനകാര്യം (www.finance.kerala.gov.in)

കരുതൽ കോപ്പി/ ആഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ